# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1107

30.11.2018 - ൽ മറുപടിക്ക്

### ഇ.എസ്.ഐ ആനുകൂല്യം

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇ.എസ്ഐ. ആനുകൂല്യം (എ) ലഭിക്കുന്ന തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ നിന്നും ചികിത്സ ലഭിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | ഇ.എസ്.ഐ തൊഴിലാളികൾക്ക് ഇ.എസ്.ഐ കോർപ്പറേഷൻ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലേക്ക് റഫറൻസ് വാങ്ങി ചികിത്സ തേടാവുന്നതാണ്. ഇൻഷ്വർ ചെയ്ത തൊഴിലാളിക്ക് അംശാദായ കാലയളവിൽ 78 ദിവസത്തെ വരിസംഖ്യ അടച്ചാൽ രജിസ്റ്റർ ചെയ്ത് 6 മാസത്തിനു ശേഷം ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സക്ക് അർഹത ഉണ്ടായിരിക്കും. കൂടാതെ രണ്ട് അംശാദായ കാലയളവിൽ 156 ദിവസത്തെ വരിസംഖ്യ ( 78 ദിവസം വീതം ഓരോ കാലയളവിലും) അടച്ചാൽ രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനുശേഷം ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുടുംബാംഗങ്ങൾക്കും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഇ.എസ്.ഐ ഗുണഭോക്താവിന്റെ പേര് രജിസ്റ്റർ ചെയ്ത ഡിസ്പെൻസറിയിൽ നിന്നും റഫറൻസ് വാങ്ങി ബന്ധപ്പെട്ട ഇ.എസ്.ഐ. ആശുപത്രി മുഖേന ഇ.എസ്.ഐ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ട എംപാനൽഡ് ആശുപത്രിയിലേക്ക് സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതാണ്. ഇ.എസ്.ഐ ഡിസ്പെൻസറിയുടെ 25 കി.മീ പരിധിയിൽ ഇ.എസ്.ഐ ആശുപത്രി ഇല്ലെങ്കിൽ ടി ഡിസ്പെൻസറിയിൽ നിന്നും നേരിട്ട് എംപാനൽ ചെയ്ത ആശുപത്രിയിലേക്ക് റഫറൻസ് നൽകുന്നുണ്ട്. അടിയന്തരഘട്ടങ്ങളിൽ ഇ.എസ്.ഐ ആശുപത്രിയിൽ നിന്ന് നേരിട്ട് ഗുണഭോക്താക്കളെ എംപാനൽ ചെയ്ത ആശുപത്രിയിലേക്കും റഫർ ചെയ്യാറുണ്ട്. |
| (ബി) | ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും റഫർ ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചെലവാകുന്ന തുക രോഗികൾക്ക് ഇ.എസ്.ഐ കോർപ്പറേഷൻ തിരിച്ച് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; | (ബി) | സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി ഇ.എസ്.ഐ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ ആശുപത്രികളിലേക്ക് ഇ.എസ്.ഐ ആശുപത്രികളിൽ നിന്നും ഇ.എസ്.ഐ ഗുണഭോക്താക്കളെ റഫർ ചെയ്താൽ ടി ഗുണഭോക്താക്കളുടെ ചികിത്സയ്ക്ക് ചെലവാകുന്ന തുക ടി സ്വകാര്യ ആശുപത്രിയിൽ അടയ്ക്കേണ്ടതില്ല. |
| (സി) | ചികിത്സാ ആനുകൂല്യങ്ങൾക്കായി സമർപ്പിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി തുക രോഗികളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന അപേക്ഷകൾ സീനിയോറിറ്റി ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കി തുക രോഗികളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**